# അഡ്വക്കേറ്റ് ജനറൽ ആഫീസ്

സർക്കാരിന് നിയമ സംബന്ധമായ വിഷയങ്ങളിൽ ഉപദേശം നൽകുകയാണ് അഡ്വക്കേറ്റ് ജനറലിന്റെ മുഖ്യചുമതല.

അഡ്വക്കേറ്റ് ജനറൽ, അഡീഷണൽ അഡ്വക്കേറ്റ് ജനറൽ, പബ്ലിക് പ്രോസിക്യൂട്ടർമാർ, അഡീഷണൽ പബ്ലിക് പ്രോസിക്യൂട്ടർമാർ, സീനിയർ ഗവൺമെന്റ് പ്ലീഡർമാർ, സ്റ്റേറ്റ് അറ്റോർണി, ഇൻഡക്സർ ഓഫ് ജഡ്ജ്മെന്റ്, അഡ്മിനിസ്ട്രേർ ജനറൽ & ഒഫിഷ്യൽ ട്രസ്റ്റി, സുപ്രീംകോടതിയിലെ സ്റ്റാൻഡിംഗ് കൗൺസൽമാർ അഡ്വക്കേറ്റ് ജനറലിന്റെ സെക്രട്ടറി, ജോയിന്റ് സെക്രട്ടറിമാർ, ഡെപ്യൂട്ടി സെക്രട്ടറിമാർ, അണ്ടർ സെക്രട്ടറിമാർ, സെക്ഷൻ ആഫീസർമാർ, മറ്റു മിനിസ്റ്റീരിയൽ ജീവനക്കാരും അടങ്ങിയതാണ് അഡ്വക്കേറ്റ് ജനറലിന്റെ ആഫീസ്.

അഡ്വക്കേറ്റ് ജനറൽ ആഫീസിലെ ജീവനക്കാരുടെ പ്രധാന ജോലി കേസ് ഫയലുകളിൽ നടപടിയെടുക്കുക, സർക്കാരിന്റെ വിവിധ വകുപ്പുകളിൽ നിന്നും റെക്കോർഡുകൾ ശേഖരിക്കുക, നിയമ പുസ്തകങ്ങളും ചട്ടങ്ങളും ലഭ്യമാക്കുക കൂടാതെ സുപ്രീംകോടതിയിലും, ഹൈക്കോടതിയിലും മറ്റു കോടതികളിലും സർക്കാർ കക്ഷിയായിട്ടുള്ള കേസുകൾ നടത്തുന്നതിന് അഡ്വക്കേറ്റ് ജനറലിനെയും, ലാ ആഫീസർമാരെയും സഹായിക്കുക എന്നിവയാണ്.

അഡ്വക്കേറ്റ് ജനറലിന്റെ ആഫീസിലെ ജീവനക്കാരുടെയും, ലാ ആഫീസർമാരുടെയും ജോലി നിർവ്വഹണം, ഭരണ വിഭാഗമെന്നും, നിയമ വിഭാഗമെന്നും രണ്ടായി തരംതിരിച്ചിട്ടുണ്ട്. ഭരണവുമായി ബന്ധപ്പെട്ട നടപടിക്രമങ്ങളും, ചട്ടങ്ങളും കൈകാര്യം ചെയ്യുന്നത് ഭരണ വിഭാഗവും, കോടതി കേസുകളും മറ്റു നിയമപരമായ നടപടി ക്രമങ്ങളും, ചട്ടങ്ങളും കൈകാര്യം ചെയ്യുന്നത് നിയമ വിഭാഗവുമാണ്.

22.09.2011-ലെ സ.ഉ(സാധാ)845/2011/നിയമം നമ്പർ ഉത്തരവ് പ്രകാരം കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിലെ കേസുകൾ കൈകാര്യം ചെയ്യുന്നതിനായി അഡ്വക്കേറ്റ് ജനറൽ ആഫീസിന്റെ ഒരു ശാഖ തിരുവനന്തപുരത്ത് രൂപീകരിച്ചിട്ടുണ്ട്.